പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1093. 12.03.2015ൽ മറുപടിയ്ക്ക്

## സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്.സലീഖ | | ശ്രീ.പി.കെ..അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സ്കൂൾ കലോൽസവമേള അപ്പീലുകളുടെ പിൻബലത്തിലും വിദ്യാഭ്യാസ വകുപ്പ് അധികൃതരുടെയും വിധി കർത്താക്കളുടെയും നിയമ വിരുദ്ധ ഇടപെടലുകൾ മൂലവും കഴിവുള്ളവർക്ക് അർഹമായ നേട്ടം ലഭ്യമാകാതിരിക്കുന്നത് പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | വിദ്യാഭ്യാസ വകുപ്പ് അധികൃതരും വിധി കർത്താക്കളും സംസ്ഥാന കലോൽസവത്തിൽ നിയമ വിരുദ്ധമായി ഇടപെടാറില്ല. ഇത്തരത്തിലുള്ള ഇടപെടൽ മൂലം കഴിവുള്ളവർക്ക് അർഹമായ നേട്ടം ലഭ്യമാകാതിരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | മേളകളിൽ ഓരോ വർഷം കഴിയും തോറും അപ്പീലുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാന മേളയിൽ വന്ന അപ്പീലുകളുടെ എണ്ണം എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2012 - 2013 - 781<br>2013 - 2014 - 872<br>2014 - 2015 - 1446 |
| (സി) | ഈ അദ്ധ്യയന വർഷത്തെ സംസ്ഥാന മേളയിൽ കോടതികൾ, ലോകായുക്ത തുടങ്ങിയവ വഴി വന്ന അപ്പീലുകളുടെ എണ്ണം എത്ര; ഇതിന് കൂട്ടുനിന്ന ഏതൊക്കെ ഉദ്യോഗസ്ഥർക്കും അദ്ധ്യപകർക്കും സ്കൂളുകൾക്കുമെതിരെ സർക്കാർ എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; | (സി) | 456 അപ്പീലുകൾ.<br>അനധികൃതമായി ലോകായുക്ത ഉത്തരവ് സമ്പാദിച്ച് സംസ്ഥാന മേളയിൽ മത്സരിക്കുകയും, ഈ ക്രമക്കേടിന് കൂട്ടുനിന്ന കാസർഗോഡ്, ഉദുമ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ.കെ.പ്രഭാകരൻ, ഹയർ സെക്കൻഡറി വിഭാഗം ടീം മാനേജർ ശ്രീ.അഭിറാം (എച്ച്.എസ്.എസ്.ടി, കംപ്യൂട്ടർ സയൻസ്) |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കുമോ; | | എന്നിവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നൈസർഗ്ഗിക വാസനയില്ലാത്ത ചിലരെങ്കിലും കലോൽസവത്തിന്റെ ഉന്നതിയിലും ഗ്രേഡിംഗിലും എത്തുന്നതും അവരുടെ പ്രൊഫഷണൽ പഠന അഡ്മിഷൻ സമ്പാദിക്കാൻ മാത്രമായി മേളയെ ഉപയോഗിക്കുന്നതും, ശേഷം കലാമേഖല വിടുന്നതും പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | സ്കൂൾ, സബ്, റവന്യൂ ജില്ലാ കലോൽസവങ്ങളിൽ മത്സരിച്ച് എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടുന്നവരാണ് സംസ്ഥാന തലത്തിൽ മത്സരിച്ച് ഗ്രേഡുകൾ കരസ്ഥമാക്കുന്നത്. ഗ്രേഡുകൾ പ്രകാരമുള്ള ഗ്രേസ്മാർക്കുകൾ 10, 11, 12 ക്ലാസുകളിൽ അവസാന പരീക്ഷയ്ക്ക് അനുവദിച്ച് നൽകാറുണ്ട്. അതിനുശേഷമുള്ള പഠന വിവരം ഈ വകുപ്പിൽ ലഭ്യമാകാറില്ല. |
| (ഇ) | എങ്കിൽ കലാമേളയിലെ ഇത്തരം പ്രവർത്തികളും അപ്പീൽ പ്രവണതയും അവസാനിപ്പിക്കാനായി വിദ്യാഭ്യാസ- കലാ-സാംസ്കാരിക-സാങ്കേതിക മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരണം അടുത്ത മേളയ്ക്ക് മുമ്പു തന്നെ നടത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | അപ്പീൽ പ്രവണത അവസാനിപ്പിക്കാനായി വിദ്യാഭ്യാസ- കലാ-സാംസ്കാരിക - സാങ്കേതിക മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരണം അടുത്ത മേളയ്ക്ക് മുമ്പു തന്നെ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

3/